₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L  L I F E  V O I C E

Monthly

Volume 12
Issue 7

**January 2024**

pages 24

"ശുഭകരമായി പ്രവർത്തിപ്പാൻ നിന്നെ അഭ്യസിപ്പിക്കയും നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന നിന്റെ ദൈവമായ യഹോവ ഞാൻ തന്നെ. അയ്യോ, നീ എന്റെ കല്പനകളെ കേട്ടനുസരിച്ചെങ്കിൽ കൊള്ളായിരുന്നു! എന്നാൽ നിന്റെ സമാധാനം നദിപോലെയും നിന്റെ നീതി സമുദ്രത്തിലെ തിരപോലെയും ആകുമായിരുന്നു"

**(യെശയ്യാവ് 48:17,18)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

REAL LIFE VOICE

Volume 12 Issue 7 January 2024 pages 24 Rs.5/

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in

*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V

Book No. **145**

## ഉള്ളടക്കം

പേജ്

- കുഞ്ഞിക്കാല് കാണാൻ കൊതിച്ച് 3
- പ്രതികരണങ്ങൾ 6
- 13-ാം വർഷത്തിലേക്ക് 7
- നമ്മുടെ ചുറ്റുമുള്ള സാക്ഷികൾ (3) 8
- റോമർ 16 ലെ ദൈവമക്കൾ (18) 11
- ഹബക്കൂക് (23) 14
- ചോദ്യവും ഉത്തരവും (37) 17
- തട്ടും തലോടലും (1) 20
- ഓരോരോ ജന്മങ്ങള് (15) 22
- പരിപ്പ് പാചകക്കാരനായി 24

ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# കുഞ്ഞിക്കാലു കാണാൻ കൊതിച്ച്...!

വിവാഹം കഴിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം വംശവർദ്ധനവാണ് എന്ന് പലരും പറഞ്ഞുകേൾക്കാറുണ്ട്. അതുകൊണ്ടുതന്നെ കുഞ്ഞിക്കാലു കാണാൻ കഴിയാത്തത് ശാപമായി പലരും കാണുന്നു. എന്നാൽ ഇത് ശരിയല്ല. വിവാഹം ചെയ്യാൻ ബൈബിൾ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണവും ബൈബിൾ തന്നെ പറയുന്നുണ്ട്. ഒന്നാമത്, തക്കതുണയെ ലഭിക്കുക എന്നതാണ്; രണ്ടാമത്, ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ സാദൃശ്യമാവുക എന്നതാണ്. ഇതു കഴിഞ്ഞിട്ടുള്ള പ്രാധാന്യമേ വംശവർദ്ധനവിന് ഉള്ളൂ.

വിവാഹിതരാവുന്നതിന്റെ പ്രധാന ലക്ഷ്യം വംശവർദ്ധനവാണ് എന്ന് ആരെങ്കിലും വാദിക്കുന്നുവെങ്കിൽ, വിവാഹിതരായ പലർക്കും മക്കളില്ല എന്ന യാഥാർത്ഥ്യം ആ വാദത്തിന്റെ മുനയൊടിക്കുന്നതാണ്. വിവാഹിതരാവാതെയും മക്കളുണ്ടാകും എന്ന വസ്തുതയും ആ വാദത്തെ ദുർബലമാക്കുന്നതാണ്. അതുകൊണ്ട്, വിവാഹിതരായിട്ട് പല വർഷങ്ങൾ കഴിഞ്ഞിട്ടും, ഒരു കുഞ്ഞിക്കാല് കാണാൻ കഴിയാതെ വിഷമിക്കുന്നവരോട് എനിക്ക് ക്രിസ്തുവിന്റെ ആത്മാവിനെ ചേർത്തുപിടിച്ച് പറയാനുള്ളത്, നിങ്ങൾ അതോർത്ത് വിഷമിക്കരുത് എന്നാണ്.

മക്കൾ ജനിച്ചാൽ മാത്രമേ കുടുംബജീവിതം വിജയകരമായി എന്നു പറയാനൊക്കൂ എന്ന് ആരെങ്കിലും ചിന്തിക്കുന്നുവെങ്കിൽ അവർ വിഡ്ഢികൾ മാത്രമാണ്. തക്കതുണ, ക്രിസ്തു-സഭ സാദൃശ്യം ഇതു രണ്ടിലും വിജയമാണെങ്കിൽ ആ കുടുംബജീവിതമാണ് വിജയകരമായിട്ടുള്ളത് എന്നു ഞാൻ പറയും. മക്കളെ തരുന്നത് ദൈവമായതുകൊണ്ട്, ദൈവം അങ്ങനെയൊരു അനുഗ്രഹം തന്നില്ലെന്നു കരുതി, ബാക്കിയുള്ള അനുഗ്രഹങ്ങളുടെ ശോഭ ഇല്ലാതാകുമോ?

മക്കളെ ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കാം; ഡോക്ടറുടെ സഹായം തേടാം; ബൈബിളിലെ ആശയങ്ങൾക്ക് എതിരല്ലാത്ത ആധുനികസംവിധാനങ്ങൾ പ്രയോജനപ്പെടുത്താം. ഇതൊക്കെ ചെയ്തിട്ടും മക്കളെ ലഭിച്ചില്ലെങ്കിൽ അത് ഒരു കഴിവുകുറവായോ ശാപമായോ എണ്ണി, നിരാശപ്പെ

ടേണ്ടതില്ല. കാരണം അതിന്റെ ഉത്തരവാദി ദൈവമാണ്; നിങ്ങളല്ല. ദൈവം ഒരു കാര്യം തരുന്നില്ലെങ്കിൽ അതുകൊണ്ട് നമുക്ക് ഗുണം മാത്രമേ ഉണ്ടാകൂ എന്ന സത്യം നാം തിരിച്ചറിയണം.

വേദപുസ്തകത്തിലെ 'മച്ചി' എന്ന പദം വായിക്കുമ്പോൾ എനിക്ക് അസ്വസ്ഥത അനുഭവപ്പെടാറുണ്ട്. ആ പദം അങ്ങനെ പരിഭാഷപ്പെടുത്തിയ വരോട് കടുത്ത അതൃപ്തിയും തോന്നാറുണ്ട്. 'വന്ധ്യ' എന്ന പദമാണ് കുറച്ചുകൂടി നല്ലത് എന്നാണ് എന്റെ അഭിപ്രായം. ഏതായാലും വേദപുസ്തകത്തിൽ ഇതുപോലുള്ള ഭാഗങ്ങൾ വായിക്കുമ്പോഴും ഇത് സംബന്ധിച്ച് ആരെങ്കിലും പ്രസംഗിക്കുമ്പോഴും മക്കളില്ലാത്ത സഹോദരിമാരുടെ ഹൃദയത്തിൽ കൂരമ്പ് തറയ്ക്കുന്ന അനുഭവമുണ്ടാവുക സ്വാഭാവികമാണ്. പ്രാർത്ഥനയോടെ ഈ മാനസികാവസ്ഥയെ നേരിടണം. ഓർക്കുക: ഈ ജീവിതത്തിൽ മാത്രമുള്ള കാര്യമാണ് ഇതെല്ലാം. ഈ ജീവിതം ക്ഷണികമാണ്. നിലനിൽക്കുന്ന നിത്യതയിൽ ഈ വക വേദനകളൊന്നും നമ്മെ ആരെയും അലട്ടുകയില്ലല്ലോ.

മക്കളില്ലാത്ത അവസ്ഥ ശപിക്കപ്പെട്ട അവസ്ഥയായി പഴയനിയമത്തിൽ ചിലയിടങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നത് ശരിയാണ്. എന്നാൽ അത് എപ്പോഴും അങ്ങനെയല്ല. ദൈവനാമം മഹത്വപ്പെടേണ്ടതിനായി ദൈവം പ്രത്യേക രീതിയിൽ ഇടപെടുന്നതാകാം. കഷണ്ടി ശാപത്തിന്റെ അടയാളമായി പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. "ഞാൻ എല്ലാ തലയിലും കഷണ്ടി വരുത്തും" എന്നു കോപത്തിൽ ദൈവം അരുളിച്ചെയ്തിട്ടുമുണ്ട്. എന്റെ കാര്യം നോക്കുക. എനിക്ക് കഷണ്ടിയുണ്ട്. എന്നു കരുതി ഞാൻ ശപിക്കപ്പെട്ടവനാണോ? അല്ലെന്നു ഞാൻ ഉറക്കെ പറയും.

ഞാൻ അനുഗ്രഹിക്കപ്പെട്ടവനാണ്. ദൈവത്തിന്റെ പക്കൽനിന്നു നിത്യജീവനും ആത്മികാനുഗ്രഹങ്ങളും ലഭിച്ച ഭാഗ്യവാനാണ്. എന്റെ തലയിലെ കഷണ്ടിയെക്കുറിച്ച് ഭാരപ്പെട്ടും, എന്നെ കളിയാക്കുന്നവരോട് ദേഷ്യപ്പെട്ടും, എനിക്കു ലഭിച്ചിട്ടുള്ള ധാരാളം ദൈവികാനുഗ്രഹങ്ങളുടെ തിളക്കം കുറക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വിഗ്ഗ് വയ്ക്കാനോ, ഹെയർ പ്ലാന്റേഷൻ നടത്താനോ ഞാൻ തയ്യാറല്ല. ദൈവം തരാത്തത് എനിക്കു വേണ്ട. ഇതുപോലെ മക്കളെ ലഭിക്കാതെ പോയവരും ചിന്തിക്കണം. ലഭിച്ച അനുഗ്രഹങ്ങൾ എണ്ണിപ്പറഞ്ഞ് ദൈവത്തിന് നന്ദി പറയുക. എനിക്ക് ആവശ്യമായവ എന്റെ ദൈവം എനിക്കു തന്നിരിക്കും എന്നു മനസ്സിൽ എപ്പോഴും പറയുക.

"റാഹേൽ മക്കളെച്ചൊല്ലി കരഞ്ഞു. അവർ ഇല്ലായ്കയാൽ ആശ്വാസം കൈക്കൊൾവാൻ മനസ്സില്ലാതിരുന്നു" (മത്തായി 2:17). മക്കൾ നഷ്ടപ്പെട്ട അമ്മമാരുടെ ദുഃഖത്തിന്റെ കാഠിന്യമാണ് ഈ വാക്യത്തിൽ നാം കാണുന്നത്. മക്കൾ ഇല്ലാത്തതിന്റെ പേരിൽ അവരെ ആശ്വസിപ്പിച്ചവരുടെ ആശ്വാ

സവാക്കുകൾ സ്വീകരിക്കാൻ അവർക്ക് മനസ്സില്ലാതിരുന്നു. പലതും ചിന്തിച്ച് ആശ്വസിക്കാനുള്ള അവസരം അവർക്കുണ്ടായിരുന്നു. പക്ഷേ അങ്ങനെ ആശ്വസിക്കാൻ ആ അമ്മമാർ തയ്യാറായില്ല. അവർക്ക് അത്രയധികം വേദനയുണ്ടായിരുന്നു.

ആ അമ്മമാരെപ്പോലെ ആകേണ്ടതില്ല. മക്കൾ ലഭിക്കാതെ പോയവർക്ക് പലതും ഓർത്ത് ആശ്വസിക്കാൻ കഴിയും. വയസ്സാംകാലത്ത് മക്കൾ ഒരു സഹായമാകും എന്നാണ് പല മാതാപിതാക്കളും ചിന്തിക്കുന്നത്. അത് കണ്ടറിയണം. മക്കൾ സ്വന്തം അപ്പനമ്മമാരെ തല്ലുകയും കൊല്ലുകയും ചെയ്യുന്ന കാലമാണിത്. മക്കൾ ഉള്ളവർ ഉള്ളം വെന്തു കഴിയുന്ന കാലമാണിത്. മക്കൾ വഴിപിഴച്ച് പോകുന്ന ഈ കാലത്ത്, ദൈവം മക്കളെ നിങ്ങൾക്ക് തരാത്തത് ഒരിക്കലും ഒരു കുറവായി കാണേണ്ടതില്ല. എത്ര മക്കളാണ് കുടുംബത്തിലേക്ക് അപമാനം ചുമന്നുകൊണ്ട് വന്നിട്ടുള്ളത്? അപ്പനമ്മമാരുടെ വിശ്വാസത്തിന്റെയും ഭക്തിയുടെയും മുന്നിൽ കൊഞ്ഞനം കുത്തി നിൽക്കുന്ന പെരുമാറ്റവുമായി എത്രയോ അധഃപതിച്ച മക്കളുണ്ട്!

കുടുംബം നശിപ്പിക്കാൻ, സഭയെ അവഹേളിക്കാൻ, മാതാപിതാക്കളെ അപമാനിക്കാൻ... സമൂഹത്തിനുപോലും വേണ്ടാത്തവരായി എത്രയോ മക്കൾ! ചെറുപ്പം മുതലേ സഭാഹാളിൽ വന്നും സൺഡേസ്കൂളിൽ പഠിച്ചും കുടുംബപ്രാർത്ഥനയിൽ സംബന്ധിച്ചും പോയവർ, വലുതായപ്പോൾ ചീത്ത കൂട്ടുകെട്ടുകളിൽ പെട്ട് നശിച്ചുപോവാൻ തീരുമാനിച്ചപ്പോൾ ആ അപ്പനമ്മമാരുടെ വിഷമം കാണുക. മക്കളെ വളർത്തുന്നതിൽ മാതാപിതാക്കളോ സഭാമൂപ്പന്മാരോ പരാജയപ്പെട്ടിട്ടല്ല പലപ്പോഴും മക്കൾ വഴിപിഴക്കുന്നത്, പിന്നെയോ പിശാചിന്റെ തന്ത്രങ്ങളുടെ ഫലമായിട്ടാണ്. മക്കൾ ലഭിക്കാതെ പോയവർക്ക് ഇത്തരം അവസ്ഥകളിലൂടെ കടന്നുപോകുവാൻ ആവശ്യമില്ല എന്നു ആശ്വസിക്കുക. മക്കൾ ഉള്ള കുടുംബങ്ങൾ അനുഭവിക്കുന്നതിനേക്കാൾ കൂടുതൽ സമാധാനം മക്കളില്ലാത്ത കുടുംബങ്ങളിലാണുള്ളത് എന്നത് ഒരു സത്യമാണ്.

മക്കളെ ലഭിച്ചവർ മക്കളെ ലഭിക്കാതെ പോയവരെ നോവിച്ചുകൊണ്ട് സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. വളരെ മോശം. ഏത് ആത്മാവാണ് അവരിൽ പ്രവർത്തിക്കുന്നത് എന്നു അവർ തന്നെ തിരിച്ചറിയട്ടെ. മക്കളെ ലഭിച്ചത് അവരുടെ മിടുക്കുകൊണ്ടാണെന്നു കരുതുന്ന ഇത്തരം ആനമണ്ടന്മാർ കുറച്ചുകൂടി വിവേകം കാണിക്കണം എന്നു അഭ്യർത്ഥിക്കയാണ്. മക്കളെ തരുവാൻ മാത്രമല്ല തന്ന മക്കളെ തിരിച്ചെടുക്കാനും കഴിവുള്ളവനാണ് ദൈവം എന്നറിയുക. അതുകൊണ്ട് വായിൽ തോന്നിയതൊക്കെ വിവേകമില്ലാതെ സംസാരിച്ച് വെറുതെ വല്ലതും ആരും ഇരന്നു വാങ്ങരുത്.

**എം വി എസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Rachel Manesh, Kumaranellur, Thrissur

മാസിക മുടങ്ങാതെ ലഭിക്കുന്നുണ്ട്. റോമാലേഖനത്തിൽനിന്നുള്ള ചിന്തകളും ഹബക്കൂകിന്റെ പഠനവും വളരെ പ്രയോജനകരമാണ്.

## Jancy Andrews, Panangattukara, Thrissur

കഴിഞ്ഞ 12 വർഷമായി ഈ മാസിക തയ്യാറാക്കി അയയ്ക്കുവാൻ ദൈവം നിങ്ങളെ കുടുംബമായി സഹായിച്ചതോർത്ത് ദൈവത്തിനു സ്തോത്രം. ദൈവത്തിന്റെ അത്ഭുതകരം അനുഭവിക്കാനുള്ള ഭാഗ്യം ഈ നിലയിൽ നിങ്ങൾക്കു ലഭിച്ചുവല്ലോ.

## Daniel P V, Pullad, Pathanamthitta

വാട്സാപിൽ പോസ്റ്റു ചെയ്യുന്ന മാസികയും തപാൽമാർഗ്ഗം അയയ്ക്കുന്നതും കിട്ടുന്നുണ്ട്. എനിക്ക് 83 വയസ്സായി. കണ്ണിന്റെ കാഴ്ച കുറയുന്നു. അതുകൊണ്ട് വാട്സാപിലായാലും അല്ലാതെ പോസ്റ്റൽ ആയി വരുന്ന മാസികയായാലും വായിക്കാൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കഴിയുമെങ്കിൽ ഈ മാസിക ഒരു വോയ്സ്മെസേജ് ആയി അയച്ചുതരാൻ സാധിച്ചാൽ വളരെ ഉപകാരമായിരിക്കും. എനിക്ക് മാത്രമല്ല, എന്നെപ്പോലെ കണ്ണിനു കാഴ്ച കുറയുന്ന പലർക്കും അത് സഹായമാകുമായിരുന്നു. അതിനെക്കുറിച്ച് ചിന്തിക്കുമല്ലോ.... ഉപദേശപരമായി അല്പം ചെറിയ വ്യത്യാസങ്ങൾ നമ്മൾ തമ്മിലുണ്ടെങ്കിലും ചെയ്യുന്ന ആത്മികശുശ്രൂഷകളെ ഓർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുന്നു. **(എഡിറ്റർ: എങ്ങനെയാണ് ഇത് സാധ്യമാക്കുക എന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും ഞാൻ പരിശ്രമിക്കാം)**

**എല്ലാ വായനക്കാർക്കും പുതുവത്സരാശംസകൾ!**

റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ അംഗമാകൂ. മാസിക വാട്സാപിൽ അയയ്ക്കുന്നതാണ്. വാട്സാപ്ഗ്രൂപ്പിൽ അംഗമാകാൻ താത്പര്യമുണ്ടെന്നു കാണിച്ച് വാട്സാപിൽ 95 44 557 557 എന്ന നമ്പറിലേക്ക് മെസേജ് അയച്ചാൽ മതി. (എഡിറ്റർ)

**അത്യധികം അഭിമാനത്തോടെ,**

# റിയൽ ലൈഫ് വോയ്സ് 13-ാം വർഷത്തിലേക്ക്!

2012 ജനുവരിയിൽ *റിയൽ ലൈഫ് വോയ്സിന്റെ* ആദ്യലക്കം പ്രസിദ്ധീകരിക്കുമ്പോൾ, ക്രൈസ്തവമേഖലയിലെ മാസികകളുടെ പ്രളയജലത്തിൽ ഈ ചെറിയ ജലകണത്തിനു എന്തു ചെയ്യാൻ കഴിയും എന്ന സംശയവും ആശങ്കയുമുണ്ടായിരുന്നു. പക്ഷേ തുടക്കം മുതൽതന്നേ പലരുടെയും ശ്രദ്ധ പിടിച്ചുപറ്റുവാൻ ഈ മാസികയ്ക്ക് കഴിഞ്ഞു. അന്ന് പലരും വിളിച്ച് അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

ഒരു ലക്കം പോലും മുടങ്ങാതെയാണ് ഇതുവരെ നാം മുന്നേറിയത്. പ്രളയം, കൊറോണ എന്നിങ്ങനെയുള്ള വിപത്തുകൾ ഇവിടെ സംഹാരതാണ്ഡവമാടിയ നാളുകളിൽ പല മാസികകളുടെയും ചില ലക്കങ്ങളുടെ പ്രസിദ്ധീകരണം മുടങ്ങിപ്പോയപ്പോൾ നമ്മുടെ മാസിക ആ പ്രതിസന്ധിഘട്ടങ്ങളെ അതിജീവിക്കാൻ ദൈവം കരുണ ചെയ്തു. പല മാസികകളും സാമ്പത്തികപ്രതിസന്ധി നിമിത്തമോ രജിസ്ട്രേഷൻ സംബന്ധിച്ച പ്രശ്നങ്ങൾ നിമിത്തമോ പ്രസിദ്ധീകരണം നിറുത്തിവച്ചു. അവിടെയും ദൈവം നമ്മോട് കരുണ കാണിച്ചു.

ഒരു ലക്കം പോലും മുടങ്ങാതെയും പ്രസ്സിൽ പത്തു പൈസ പോലും കടമില്ലാതെയും ഈ മാസിക മുന്നോട്ടു നീങ്ങുകയാണ്. (പ്രസ്സിൽ കടം പറയേണ്ട ഗതികേട് വന്നാൽ അന്ന് ഈ മാസിക നിറുത്തും). വരിസംഖ്യക്കുവേണ്ടിയുള്ള നിലവിളി ഈ മാസികയിൽ നാം കൊടുക്കാറില്ല. വായനക്കാരുടെ പക്കൽനിന്നുമുള്ള വരിസംഖ്യയേക്കാൾ ഞങ്ങൾ ആഗ്രഹിക്കുന്നത് അവരുടെ പക്കൽനിന്നുള്ള പ്രതികരണങ്ങൾക്കാണ്. (എന്നു കരുതി എനിക്ക് വിദേശസഹായമുണ്ടെന്ന് ആരും ചിന്തിക്കരുതേ)

ക്രൈസ്തവമാസികാരംഗത്ത് നിലവിലുള്ള പരമ്പരാഗത രീതികളുടെ അലകും പിടിയും മാറ്റിക്കൊണ്ടാണ് റിയൽ ലൈഫ് വോയ്സിന്റെ ഉള്ളടക്കം തയ്യാറാക്കുന്നത്. *എഡിറ്റോറിയൽ, ചിന്തകൾ പന്തങ്ങളാകുമ്പോൾ, ഇമ്മാനുവിന്റെ സംശയങ്ങൾ, കൊച്ചുണ്ണിയുടെ ബൈബിൾവായന, ചെറുകഥ, സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ, ചോദ്യവും ഉത്തരവും, ബൈനോക്കുലർ, ഓരോരോ ജന്മങ്ങള്, തട്ടും തലോടലും, ആനുകാലികം* എന്നിങ്ങനെ വൈവിധ്യമാർന്ന പംക്തികൾ ഉൾക്കൊള്ളിച്ച് ആളുകളെ വായനാലോകത്ത് പിടിച്ചുനിറുത്തുവാൻ ഞങ്ങൾ ആവോളം പ്രയത്നിക്കുന്നുണ്ട്.

കരം പിടിച്ചു വഴി നടത്തുന്ന ദൈവത്തിനു നന്ദി. കരം വീശി കാണിച്ചു അഭിനന്ദിക്കുന്ന ദൈവജനത്തിനും നന്ദി. ഇനിയും മുന്നോട്ട്... ദൈവം അനുവദിക്കുന്നതു വരെ മുന്നോട്ട്... **(എഡിറ്റർ)**

# നമ്മുടെ ചുറ്റുമുള്ള സാക്ഷികൾ

## 3

പ്രൊഫ. റ്റി. ജോൺമാത്യു, മണ്ണുത്തി

ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ റോമാസാമ്രാജ്യത്തിലെ ക്രിസ്തീയവിശ്വാസികൾക്ക് സഹിക്കേണ്ടി വന്നത് അതിഭയങ്കരമായ പീഡനമായിരുന്നു. ഈ ചരിത്രവസ്തുത വ്യക്തമാക്കുന്ന ഏതാനും ചില സംഭവങ്ങൾ കൂടി പ്രസ്താവിക്കുകയാണ്.

**തത്ത്വജ്ഞാനിയായ ജസ്റ്റിൻ**

രക്തസാക്ഷിയായ വിശുദ്ധ ജസ്റ്റിൻ (St. Justin Martyr) എന്നു ചരിത്രത്തിൽ അറിയപ്പെടുന്ന, രണ്ടാം നൂറ്റാണ്ടിലെ സഭാപിതാക്കന്മാരിൽ ഒരാളായിരുന്നു ജസ്റ്റിൻ എന്ന ദൈവഭക്തനും പണ്ഡിതനുമായിരുന്ന വിശ്വാസി; ഗ്രീക്ക് തത്ത്വജ്ഞാനത്തിൽ താൻ നേടിയിരുന്ന അറിവ് ക്രിസ്തീയ വിശ്വാസത്തിന്റെ മാഹാത്മ്യം തെളിയിക്കുന്നതിനായി ഉപയോഗിച്ച ഒരാളായിരുന്നു അദ്ദേഹം. സ്റ്റോയിക് തത്ത്വജ്ഞാനവും (Stoicism) പ്ലേറ്റോണിക് തത്ത്വജ്ഞാനവും (Platonism) ഒക്കെ പഠിച്ച ശേഷം 32-ാം വയസ്സിലാണ് അദ്ദേഹം ക്രിസ്തീയവിശ്വാസം സ്വീകരിച്ചത്. എഫെസൊസ് പട്ടണത്തിനടുത്ത് എവിടെയോ ആയിരുന്നു ഇദ്ദേഹത്തിന്റെ ജന്മസ്ഥലം എന്നാണ് കരുതപ്പെടുന്നത്.

ക്രിസ്തീയവിശ്വാസം സ്വീകരിച്ചശേഷം, ഗ്രീക്ക് തത്ത്വജ്ഞാനത്തിൽ പാണ്ഡിത്യം നേടിയിരുന്ന ആളുകളുമായി ഇടപെട്ട് അവരെ ക്രിസ്തീയവിശ്വാസത്തിലേക്ക് നയിക്കാൻ അദ്ദേഹം പ്രത്യേകം പരിശ്രമം നടത്തുകയുണ്ടായി. പല സ്ഥലങ്ങളിൽ ചെന്ന് അദ്ദേഹം പ്രസംഗങ്ങൾ നടത്തുകയും തത്ത്വജ്ഞാനികളുമായി സംവാദങ്ങളിൽ ഏർപ്പെടുകയും ചെയ്തു. പ്രസംഗകനും എഴുത്തുകാരനുമായ അദ്ദേഹം റോമാനഗരത്തിൽ എത്തുകയും ക്രിസ്തീയവിശ്വാസമാണ് യഥാർത്ഥ സത്യമെന്ന് അനേകം വിജാതീയർക്ക് ബോധ്യം വരുത്തുകയും ചെയ്തു. ഏതാനും വർഷങ്ങൾ റോമാനഗരത്തിൽ ഇപ്രകാരം പ്രവർത്തിച്ചതിനുശേഷം 'സിനിസിസം' (Cynicism) എന്ന തത്ത്വജ്ഞാന പദ്ധതിയിൽ പാണ്ഡിത്യം നേടിയിരുന്ന ക്രെസൻസ് (Crescens) എന്നയാളുമായി അദ്ദേഹത്തിന് ഒരു സംവാദത്തിൽ ഏർപ്പെടേണ്ടിവന്നു.

വിജാതീയരുടെ തത്ത്വജ്ഞാനം യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ വെറും ഭോഷത്വം ആണെന്ന് തെളിയിച്ചു കൊടുത്ത

പ്പോൾ അനേകം ആളുകൾ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കും എതിരെ അധികാരികളോട് പരാതിപ്പെട്ടു. രാജ്യത്ത് ക്രമസമാധാനം തകർക്കാൻ ശ്രമിക്കുന്നവർ എന്ന ആരോപണമാണ് അവർക്കെതിരെ ഉന്നയിക്കപ്പെട്ടത്. വിചാരണ ചെയ്തപ്പോൾ മജിസ്ട്രേറ്റ് ജസ്റ്റിനോട് "നീ ഉയിർത്തെഴുന്നേൽക്കുമെന്നു ഊഹിക്കുന്നുവോ?" എന്നു ചോദിച്ചു. ഇതിനു മറുപടിയായി, "ഞാൻ ഊഹിക്കുകയല്ല, എനിക്ക് നിശ്ചയമുണ്ട്" എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന്റെ സ്നേഹിതന്മാരും മജിസ്ട്രേറ്റിന് ഇതേ മറുപടിയാണ് കൊടുത്തത്. അതിനെത്തുടർന്ന് അവരുടെയെല്ലാം തലവെട്ടി അവരെ കൊല്ലുവാനുള്ള വിധി പ്രസ്താവിക്കപ്പെട്ടു. താമസിയാതെ ആ വിധി നടപ്പിലാവുകയും ചെയ്തു. മാർക്കസ് ഔറീലിയസ് (Marcus Aurelius) എന്ന റോമൻ ചക്രവർത്തിയുടെ ഭരണകാലത്ത് AD 167-ലാണ് ഇവർ രക്തസാക്ഷിമരണം വരിച്ചത്.

ജസ്റ്റിൻ എഴുതിയത് എന്നു പിൽക്കാലത്ത് അംഗീകരിക്കപ്പെട്ടിട്ടുള്ള രണ്ടു പ്രധാന പുസ്തകങ്ങൾ *അപ്പോളജീസ്* (Apologies), *ഡയലോഗ് വിത് ട്രൈഫോ* (Dialogue with Trypho) എന്നിവയാണ്. റോമൻ ചക്രവർത്തിമാരായിരുന്ന ആന്റണൈനസ് പയസ് (Antoninus Pius), മാർക്കസ് ഔറീലിയസ് (Marcus Aurelius) എന്നിവരെ സംബോധന ചെയ്തുകൊണ്ടെഴുതിയ പുസ്തകമാണ് (തുറന്ന കത്ത്) *അപ്പോളജീസ്*. ക്രിസ്ത്യാനികൾ ദൈവമില്ലാത്തവരും റോമാഗവൺമെന്റിന്റെ ശത്രുക്കളുമാണെന്ന വ്യാജപ്രചരണങ്ങൾക്കുള്ള മറുപടി ഈ പുസ്തകത്തിന്റെ ആദ്യഭാഗത്ത് കൊടുത്തിരുന്നു.

ക്രിസ്തീയ വിശ്വാസങ്ങൾ സത്യത്തിനും നീതിക്കും ബുദ്ധിക്കും നിരക്കുന്നവയാണെന്നു തെളിയിക്കാനും വിജാതീയരുടെ മതവിശ്വാസങ്ങൾ വെറും അന്ധവിശ്വാസങ്ങൾ തന്നെയാണെന്നു തെളിയിക്കാനും അദ്ദേഹത്തിനു സാധിച്ചു. റോമാസാമ്രാജ്യത്തിൽ പിൽക്കാലത്ത് ക്രിസ്തീയവിശ്വാസം വളരെ സ്വീകാര്യമായിത്തീരുന്നതിന് അദ്ദേഹത്തിന്റെ എഴുത്തുകൾ സഹായകരമായിത്തീർന്നിട്ടുണ്ട്.

**ഓറിജന്റെ പിതാവായ ലിയോണിഡസ്**

സഭാപിതാക്കന്മാരിൽ പ്രധാനപ്പെട്ട ഒരാളായിരുന്ന ഓറിജന്റെ പിതാവിന്റെ പേര് ലിയോണിഡസ് (Leonides) എന്നായിരുന്നു. റോമൻ ചക്രവർത്തിയായിരുന്ന സെപ്റ്റിമസ് സെവറസിന്റെ (Septimius Severus) ഭരണകാലത്ത് AD 202-ലായിരുന്നു അദ്ദേഹം രക്തസാക്ഷിമരണം വരിച്ചത്. അലക്സാന്ത്ര്യയിൽ ഉണ്ടായിരുന്ന അനേകം ഗ്രീക്ക് തത്ത്വജ്ഞാനികളിൽ ഒരാളായിരുന്നു ഇദ്ദേഹം. ഒരു ക്രിസ്തീയവിശ്വാസിയായിരുന്ന ഇദ്ദേ

ഹത്തിന് ഏഴ് ആൺമക്കൾ ഉണ്ടായിരുന്നു. ഏറ്റവും മൂത്ത മകനായിരുന്നു ഓറിജൻ. ക്രിസ്തീയവിശ്വാസം വച്ചുപുലർത്തുന്നു എന്ന കുറ്റത്തിന് ലിയോണിഡസ് അറസ്റ്റ് ചെയ്യപ്പെട്ട സമയത്ത് ഓറിജന്റെ പ്രായം 17 വയസ്സു മാത്രമായിരുന്നു. ക്രിസ്തീയവിശ്വാസം ഉപേക്ഷിക്കാൻ തയ്യാറാകാത്തവരെ വധശിക്ഷയ്ക്ക് വിധിച്ചുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു അത്. തങ്ങളോടുള്ള സ്നേഹം നിമിത്തം അദ്ദേഹം വിശ്വാസം തള്ളിപ്പറഞ്ഞ് ജയിൽമോചിതനാകാൻ തയ്യാറായേക്കുമോ എന്ന് ഓറിജനും അദ്ദേഹത്തിന്റെ സഹോദരങ്ങൾക്കും മാതാവിനും സംശയം തോന്നി.

അദ്ദേഹത്തെ ജയിലിൽ ചെന്ന് കാണാനും അദ്ദേഹത്തോടൊപ്പം നിന്നുകൊണ്ട് യേശുവിലുള്ള വിശ്വാസം പ്രഖ്യാപിക്കാനും അദ്ദേഹത്തോടു കൂടെത്തന്നെ രക്തസാക്ഷിമരണം വരിക്കാനും ഓറിജൻ തയ്യാറായി. പക്ഷേ ജയിലിലേക്ക് പോകുവാൻ ഓറിജനെ അനുവദിക്കാതെ അവന്റെ മാതാവ് അവന്റെ വസ്ത്രങ്ങളെടുത്ത് ഒളിച്ചുവച്ചു എന്നും അങ്ങനെ അവനെ രക്തസാക്ഷിമരണത്തിൽനിന്നു വിടുവിച്ചു എന്നുമാണ് പറയപ്പെടുന്നത്. ആ മാതാവും മക്കളും ചേർന്ന് കത്തെഴുതി ജയിലിൽ എത്തിച്ചുകൊടുത്ത് ലിയോണിഡസിനെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു. ഇപ്രകാരം അവർ എഴുതിയ കത്തുകളിൽ ഒന്ന് ചരിത്രകാരന്മാരുടെ പക്കൽ ലഭിച്ചിട്ടുണ്ട്. രക്തസാക്ഷികൾക്ക് ഒരു നാളിൽ കർത്താവ് ജീവകിരീടം നൽകി അവരെ ബഹുമാനിക്കുമെന്ന കാര്യം ഓറിജൻ തന്റെ പിതാവിനെ ഓർമ്മിപ്പിച്ച് അദ്ദേഹത്തിനു ധൈര്യം പകർന്നുകൊടുത്തുവെന്നാണ് ആ കത്തിൽനിന്നും നമുക്ക് മനസ്സിലാകുന്നത്.

തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് ലിയോണിഡസ് യേശുക്രിസ്തുവിന്റെ സാക്ഷിയായി രക്തസാക്ഷിമരണം വരിച്ചു. പിതാവിനോടൊപ്പം നിന്നുകൊണ്ട് തന്റെ വിശ്വാസം പ്രഖ്യാപിച്ചു മരണം വരിക്കാൻ തയ്യാറായിരുന്ന ഓറിജൻ വളർന്നുവന്നപ്പോൾ വളരെ മികച്ച ഒരു വേദപണ്ഡിതനും എഴുത്തുകാരനുമായിത്തീർന്നുവെന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

ആദ്യനൂറ്റാണ്ടുകളിൽ റോമാസാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തീയവിശ്വാസം സ്വീകരിച്ചു മുമ്പോട്ടുവന്നവർ 1 തിമൊ. 6:12 ൽ പറഞ്ഞിരിക്കുന്ന പ്രകാരം നിത്യജീവനെ പിടിച്ചുകൊണ്ട് (കർത്താവ് നിത്യജീവൻ നൽകിയിട്ടുള്ളതിനാൽ മരണത്തെ ഭയപ്പെടേണ്ട ആവശ്യമില്ല എന്ന ബോധ്യത്തോടെ) തന്നെയാണ് ജീവിതം നയിച്ചത്. അവർ പ്രകടമാക്കിയ ധൈര്യവും ത്യാഗമനോഭാവവും വചനത്തിൽ പറയുന്ന അന്ത്യകാലത്തിന്റെ അന്ത്യനാഴികയിൽ എത്തിയിരിക്കുന്ന ഇന്നത്തെ വിശ്വാസികളിൽ തീർച്ചയായും കാണപ്പെടേണ്ടതാണ്. (തുടരും)

# റോമർ 16–ാം അദ്ധ്യായത്തിലെ ദൈവമക്കൾ

18

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

*"...പട്ടണത്തിന്റെ ഭണ്ഡാരവിചാരകനായ എരസ്തൊസും സഹോദര നായ ക്വർത്തൊസും നിങ്ങളെ വന്ദനം ചെയ്യുന്നു" (റോമർ 16:23).*

**എരസ്തൊസ്**

തന്റെ കൂടെയുള്ളവരുടെ വന്ദനം പൗലൊസ് റോമാസഭയെ അറിയിക്കുകയാണ്. തിമൊഥെയൊസ്, ലൂക്ക്യൊസ്, യാസോൻ, സോസിപത്രൊസ്, തെർതൊസ്, ഗായൊസ് എന്നിവരുടെ വന്ദനം അറിയിച്ചത് നാം കഴിഞ്ഞ ചില ലക്കങ്ങളിൽ ചിന്തിച്ചതാണല്ലോ. ഇനി രണ്ടുപേരുടെ കൂടി വന്ദനം പൗലൊസ് അറിയിക്കുന്നുണ്ട്. അതിൽ ഒന്ന് എരസ്തൊസ് ആണ്. പട്ടണത്തിന്റെ ഭണ്ഡാരവിചാരകനാണത്രേ ഈ എരസ്തൊസ്. ഏത് പട്ടണത്തിന്റെ എന്നു ചോദിച്ചാൽ കൊരിന്തുപട്ടണത്തിന്റെ എന്നാണ് ഇതേക്കുറിച്ച് പഠിച്ചിട്ടുള്ളവർ പറയുന്നത്. കാരണം പൗലൊസ് കൊരിന്തുപട്ടണത്തിൽ ഇരുന്നാണ് റോമാലേഖനം എഴുതിയത് എന്നു പൊതുവെ വിശ്വസിക്കപ്പെടുന്നു.

ഭണ്ഡാരവിചാരകൻ എന്നു പറഞ്ഞാൽ ട്രഷറർ (ഖജാൻജി) ആണ്. പട്ടണത്തിന്റെ ഖജാൻജി ആണ് അദ്ദേഹം; ഉയർന്ന റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനാണ് അദ്ദേഹമെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. ജോലിയുടെ വലുപ്പം നിമിത്തം തനിക്കു സമൂഹത്തിൽനിന്ന് കിട്ടിക്കൊണ്ടിരുന്ന ബഹുമാനം നഷ്ടപ്പെടുന്നതിനെക്കുറിച്ച് തെല്ലും ഓർക്കാതെ അദ്ദേഹം യേശുവിനെ കർത്താവായി സ്വീകരിച്ചു. സമൂഹത്തിൽനിന്നും ബന്ധുക്കളിൽനിന്നും കിട്ടിക്കൊണ്ടിരിക്കുന്ന സ്നേഹവും ആദരവും അംഗീകാരവും നിമിത്തം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കാൻ തയ്യാറാകാതെ ഒഴിഞ്ഞുമാറുന്ന ചിലരെ കണ്ടിട്ടുണ്ട്.

മനുഷ്യരിൽനിന്ന് ലഭിക്കുന്ന സ്നേഹത്തേക്കാളും അംഗീകാരത്തേക്കാളും എരസ്തൊസ് വിലയുള്ളതായി കണ്ടത് ദൈവത്തിന്റെ സ്നേഹവും അംഗീകാരവുമാണ്. നശിച്ചുപോകുന്നവരുടെ പക്കൽനിന്നും ലഭിക്കുന്ന നിലനിൽക്കാത്ത സ്നേഹത്തേക്കാൾ നിത്യസ്നേഹം കൊണ്ട് നമ്മെ സ്നേഹിച്ച

നിത്യനായ ദൈവത്തിന്റെ സ്നേഹത്തിന് അദ്ദേഹം മൂല്യം കണ്ടു. ഇത്തരം മനോഭാവങ്ങൾ വച്ചുപുലർത്തുന്നവർക്ക് വിജയകരമായ ക്രിസ്തീയജീവിതം നയിക്കാൻ ബുദ്ധിമുട്ടില്ല. അവർ വിശ്വസ്തരായി ക്രൈസ്തവഗോളത്തിൽ കാണപ്പെടും.

“എരസ്തൊസ് കൊരിന്തിൽ താമസിച്ചു” എന്ന് 2 തിമൊഥെയൊസ് 3:20 ൽ കാണുന്നു. അപ്പൊസ്തലനായ പൗലൊസ് തനിക്കു ശുശ്രൂഷ ചെയ്യുന്ന എരസ്തൊസിനെ മക്കെദോന്യയിലേക്ക് അയച്ചിട്ട് കുറെക്കാലം ആസ്യയിൽ താമസിച്ചു എന്നു അപ്പൊ.പ്രവൃ.19:22 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നിലയിൽ എരസ്തൊസിനെ ഉപയോഗിക്കാൻ പൗലൊസിന് കഴിയണമെങ്കിൽ അദ്ദേഹം ഭണ്ഡാരവിചാരകൻ എന്ന തന്റെ ജോലി ഉപേക്ഷിച്ചിട്ടുണ്ടായിരിക്കാം എന്നു ചിന്തിക്കുന്നവരുണ്ട്. അതോ കുറച്ചുകാലം ജോലിയിൽനിന്ന് അവധി എടുത്തതായിരിക്കുമോ? അതിനും സാധ്യതയുണ്ടല്ലോ.

അദ്ദേഹം ആ ഘനമുള്ള ജോലി ഉപേക്ഷിച്ചോ ഇല്ലയോ എന്ന് നമുക്കുറപ്പില്ല. പക്ഷേ ഒരു കാര്യം നമുക്കറിയാം: അദ്ദേഹം ആത്മികകാര്യങ്ങൾക്ക് സമയം കണ്ടെത്തി. ജോലിത്തിരക്ക് കാരണം ആത്മികകാര്യങ്ങൾക്ക് ഒട്ടും സമയം ഇല്ല എന്നു പറയുന്നവരുണ്ടല്ലോ. അവർ ഓരോ ദിവസവും ചെലവിടുന്ന സമയത്തെ പരിശോധിച്ചാൽ എത്രയോ സമയം അലസമായി പാഴാക്കുന്നുണ്ടെന്നു മനസ്സിലാകും. കൂട്ടുകാരോടൊപ്പം ആവശ്യത്തിലധികം സല്ലപിച്ചും, ഉല്ലാസങ്ങളിൽ ഏർപ്പെട്ടും, കൂടുതൽ നേരം ഉറങ്ങിയും, സോഷ്യൽമീഡിയായിൽ കൂടുതൽ സജീവമായും അവർ പാഴാക്കിക്കളയുന്ന സമയം അവർ തന്നെ ഒന്നു കണക്കുകൂട്ടി നോക്കട്ടെ.

ഉയർന്ന റാങ്കിൽ ജോലിയുള്ള ഈ ഉദ്യോഗസ്ഥന് പൗലൊസിനെപ്പോലെ എളിയ ജീവിതം നയിക്കുന്ന ദൈവമക്കളുടെ കൂട്ടത്തിൽ ചേരാൻ സങ്കോചം തോന്നിയില്ല. അവർക്ക് ശുശ്രൂഷ ചെയ്യാൻ മടി തോന്നിയില്ല. ഓരോന്നിന്റെയും യഥാർത്ഥ മൂല്യവും ശക്തിയും തിരിച്ചറിയാൻ കഴിയുന്നത് വലിയൊരു ദൈവാനുഗ്രഹമാണ്. എരസ്തൊസ് അത് തിരിച്ചറിഞ്ഞു. കൂട്ടുസഹോദരന്മാരുടെ വില, ശുശ്രൂഷകളുടെ വില, ദൈവസഭയുടെ വില എല്ലാം അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ട് വിവിധങ്ങളായ ശുശ്രൂഷകളിൽ അദ്ദേഹം ഏർപ്പെടുകയും ദൈവനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്തു. സമയക്കുറവ്, ജോലിഭാരം എന്നിങ്ങനെ പലരും ഉന്നയിക്കുന്ന തടസ്സവാദങ്ങളെക്കുറിച്ച് അദ്ദേഹം ചിന്തിച്ചതേയില്ല.

**ക്വർത്തൊസ്**

‘സഹോദരനായ ക്വർത്തൊസ്’ എന്നാണ് പൗലൊസ് എഴുതിയത്. ‘എരസ്തൊസിന്റെ സ്വന്തം സഹോദരൻ’ എന്ന ആശയമായിരിക്കാം; അല്ലെങ്കിൽ

'ക്രിസ്തുവിൽ നമ്മുടെ എല്ലാവരുടെയും സഹോദരൻ' എന്ന ആശയമായിരിക്കാം. ഏതായാലും ഒന്ന് ശരിയാണ്: ഏത് അളവ്കോൽ എടുത്ത് നോക്കിയാലും ക്വർത്തൊസ് സഹോദരനാണ്. ഒരു അപ്പത്തിൽ അംശികളാകുന്ന സഹോദരന്മാർ ചിലയിടങ്ങളിൽ സഭായോഗത്തിലോ അതിനു ശേഷമോ വാക്കുതർക്കം, കയ്യാങ്കളി, പുസ്തകമേറ് തുടങ്ങിയ 'കലാപരിപാടികൾ' നടത്തുന്നു. സഭാഹാളുകൾ പലതും തർക്കവും കേസും മൂലം അടഞ്ഞുകിടക്കുന്നു. പരസ്പരം കണ്ടാൽ മിണ്ടാത്ത വിധം പലരുടെയും ഉള്ളിലെ വൈരാഗ്യം വികാസം പ്രാപിച്ചിരിക്കുന്നു. അതേസമയം സഹോദരന്മാർ എന്ന പേരിനു മാറ്റവുമില്ല!

ക്വർത്തൊസ് സഹോദരനാണ്. സഭായോഗങ്ങളിൽ വെറുതെ വന്നിരുന്ന് ഉറങ്ങി സമയം കഴിച്ചുപോകുന്ന സഹോദരനല്ല; പൗലൊസ് അവന്റെ പേര് പ്രത്യേകമായി എടുത്തുപറഞ്ഞുവെങ്കിൽ അതിനർത്ഥം അവൻ സഭയ്ക്ക് ഏറെ പ്രയോജനമുള്ളവനാണ് എന്നാണ്. മടിയന്മാരുടെ വന്ദനം അറിയിക്കാൻ പൗലൊസിനെപ്പോലുള്ളവർ തുനിയുകയില്ലല്ലോ. പ്രിയരേ, നാം കർത്താവിനെ രക്ഷകനായി സ്വീകരിച്ചതുകൊണ്ട് സഹോദരന്മാർ ആണ്. എങ്ങനെയുള്ള സഹോദരന്മാർ? ഉണ്ടും ഉറങ്ങിയും ലോകത്തിന്റെ ഉല്ലാസപരപ്പിൽ സമയം ചെലവഴിച്ചുകൊണ്ട് ക്രിസ്തീയജീവിതത്തിന്റെ പകിട്ട് നഷ്ടപ്പെടുത്തുന്ന പാഴ്ജന്മങ്ങളാണോ നാം? അതോ, ദൈവത്തിനും ദൈവസഭയ്ക്കും പ്രയോജനപ്പെടുന്ന വിശ്വസ്തരായ സഹോദരന്മാരോ?

**ഉപസംഹാരം**

റോമർ 16-ാം അദ്ധ്യായത്തിൽ പേര് പറഞ്ഞിട്ടുള്ള സഹോദരന്മാരെക്കുറിച്ച് നാം ചിന്തിക്കുകയായിരുന്നുവല്ലോ. ആദ്യം പൗലൊസ് റോമാസഭയിലുള്ള സഹോദരങ്ങളെ വന്ദനം ചെയ്യുന്നു (16:1-16); അതിനുശേഷം പൗലൊസ് തന്റെ കൂടെയുള്ളവരുടെ വന്ദനം അറിയിക്കുന്നു (16:21-23). ഒന്നാം നൂറ്റാണ്ടിലെ പല വിശുദ്ധന്മാരെയും റോമാലേഖനത്തിലൂടെ നമുക്ക് അടുത്തറിയാൻ കഴിഞ്ഞു. ഒരിക്കൽ നാം അവരെ നേരിട്ടു കാണും. ദൈവത്തിനു സ്തോത്രം! **(അവസാനിച്ചു)**

**അടുത്ത ലക്കത്തിൽ പുതിയൊരു ലേഖനപരമ്പര ആരംഭിക്കുന്നു**

**ആസ്യയിലെ ഏഴ് സഭകൾ**

**Visit our website: www.reallifevoice.in**

**വായിക്കുക (മലയാളത്തിൽ/ഇംഗ്ലീഷിൽ)**

വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?

Faith and Baptism: How Was It Taught and Practiced in the First Century?

# ഹബക്കൂക് (പുസ്തകപഠനം) 23

**-എംവിഎസ്-**

**ഹബക്കൂക് 3:3**

*ദൈവം തേമാനിൽനിന്നും പരിശുദ്ധൻ പാറാൻ പർവ്വതത്തിൽനിന്നും വരുന്നു; അവന്റെ പ്രഭ ആകാശത്തെ മൂടുന്നു; അവന്റെ സ്തുതിയാൽ ഭൂമി നിറഞ്ഞിരിക്കുന്നു.*

**തേമാനും പാറാനും:**

തേമാനും പാറാനും പർവ്വതങ്ങളാണ്. തേമാൻപർവ്വതത്തെക്കുറിച്ച് ഓബദ്യാവ് 1:9 ലും പാറാൻപർവ്വതത്തെക്കുറിച്ച് ആവർത്തനം 33:2 ലും രേഖപ്പെടുത്തിയിട്ടുണ്ട്. "ദൈവം തേമാനിൽനിന്നും പരിശുദ്ധൻ പാറാൻ പർവ്വതത്തിൽനിന്നും വരുന്നു" എന്നു പറഞ്ഞാൽ, ദൈവം പർവ്വതങ്ങളുടെ മുകളിലൂടെ നടന്നുവരുന്നു എന്ന് മനസ്സിലാക്കാം. ദൈവത്തിന്റെ കരുത്ത് പ്രദർശിപ്പിക്കുന്ന പ്രയോഗമാണത്. തിരമാലകളെ ചവിട്ടി വരുന്ന യേശുവിനെ നാം പുതിയനിയമത്തിൽ കാണുന്നുണ്ടല്ലോ. അതുപോലെ, പർവ്വതങ്ങളെ ചവിട്ടി വരുന്ന ദൈവത്തെ ഈ വാക്യത്തിൽ വരച്ചുകാണിച്ചിരിക്കുന്നു.

**ദൈവത്തിന്റെ പ്രഭ:**

ഈ ദൈവത്തിന്റെ പ്രഭ ആകാശത്തെ മൂടുന്നു. ദൈവം വെളിച്ചം ആകുന്നു (1 യോഹന്നാൻ 1:5). ആ വെളിച്ചമാകുന്ന ദൈവത്തിന്റെ പ്രഭ ആകാശത്തെ മൂടുവാൻ തക്കവിധമുള്ളതാണെന്നു പറയുമ്പോൾ, ആ വെളിച്ചത്തിന്റെ തീവ്രത നമുക്ക് മനസ്സിലാക്കാമല്ലോ. മെഴുകുതിരിയും നിലവിളക്കും കത്തിച്ച് പ്രകാശിപ്പിക്കേണ്ട വിഗ്രഹദൈവമല്ല നമ്മുടേത്; സ്വന്തം പ്രഭകൊണ്ട് വിശ്വത്തെ മൂടുവാൻ പ്രാപ്തിയുള്ളവനാണ് നമ്മുടെ ദൈവം.

**അവന്റെ സ്തുതി:**

അവന്റെ സ്തുതിയാൽ ഭൂമി നിറഞ്ഞിരിക്കുന്നു. ഭൂമിയിലെ സകല സൃഷ്ടികളും ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നവയാണ്. ചെറുതോ വലുതോ ആയ ജീവജാലങ്ങളായാലും, ഉപദ്രവകാരികളോ ഉപ

കാരികളോ ആയ ജീവജാലങ്ങളായാലും എല്ലാം ദൈവത്തിന്റെ ജ്ഞാനത്തെയും മഹത്വത്തെയും വിളിച്ചറിയിക്കുന്നവയാണ്. നദികളും മലകളും താഴ്‌വരകളുമെല്ലാം ദൈവത്തിന്റെ മഹത്വത്തെ കാണിക്കുന്നു.

നാം വിളിച്ചപേക്ഷിക്കുന്ന ദൈവത്തിന്റെ കരുത്തും പ്രഭയും മഹത്വവും നാം തിരിച്ചറിയണം. ദേവീമഹാത്മ്യം എന്നും ദേവമഹാത്മ്യം എന്നുമൊക്കെ പലരും അവരുടെ വിഗ്രഹദൈവങ്ങളെക്കുറിച്ച് അവകാശപ്പെടാറുണ്ട്. അതെല്ലാം ഭാവനകൾ മാത്രമാണ്. വെറും വിഗ്രഹങ്ങൾ മാത്രമാണവ. മനുഷ്യൻ അവയെ നന്നായി പരിപാലിച്ചില്ലെങ്കിൽ അവ കറ പിടിച്ച്, ക്ലാവ് പിടിച്ച്, മുഷിഞ്ഞ് വൃത്തികേടാകും. ജീവനുള്ള ദൈവത്തെ സ്തുതിക്കുന്ന നമുക്ക് നമ്മുടെ ദൈവത്തെ അങ്ങോട്ട് പരിപാലിക്കേണ്ടതില്ല. ദൈവം നമ്മെ ഇങ്ങോട്ട് പരിപാലിക്കുന്നവനാണ്.

### ഹബക്കൂക് 3:4

*സൂര്യപ്രകാശം പോലെ ഒരു ശോഭ ഉളവായി വരുന്നു; കിരണങ്ങൾ അവന്റെ പാർശ്വത്തുനിന്നു പുറപ്പെടുന്നു; അവിടെ അവന്റെ വല്ലഭത്വം മറഞ്ഞിരിക്കുന്നു.*

ദൈവത്തിന്റെ മഹത്വത്തിന്റെ വലുപ്പം വ്യക്തമാക്കുന്ന മറ്റൊരു വാക്യമാണിത്.

### ഹബക്കൂക് 3:5

*മഹാമാരി അവന്റെ മുന്നിൽ നടക്കുന്നു; ജ്വരാഗ്നി അവന്റെ പിന്നാലെ ചെല്ലുന്നു;*

ദൈവത്തിന്റെ മുന്നും പിന്നും പോകുന്ന രണ്ടു കാര്യങ്ങളെ ശ്രദ്ധിച്ചുവോ? മഹാമാരിയും ജ്വരാഗ്നിയും!

മഹാമാരി = പകർച്ചവ്യാധി

ജ്വരാഗ്നി = പൊള്ളുന്ന ചൂട്, മിന്നൽ, പൊള്ളുന്ന പനി, ആകാശത്തുനിന്നു തീ ഇറങ്ങുന്നത് എന്നിങ്ങനെയുള്ള അർത്ഥങ്ങളാണ് ഈ വാക്കിന് പലരും നിർദ്ദേശിക്കുന്നത്.

മഹാമാരിയും ജ്വരാഗ്നിയും നാശം വിതയ്ക്കുന്നവയാണ്. ദൈവത്തോടു നന്ദിയില്ലാതെ ജീവിക്കുന്നവരെയും ദൈവജനത്തോട് ക്രൂരമായി ഇടപെടുന്നവരെയും ദൈവം സന്ദർശിക്കും. ആ സമയത്ത് ദൈവത്തിന് മുന്നും പിന്നും പോകുന്നത് നാശം വിതയ്ക്കുന്ന മഹാമാരിയും ജ്വരാഗ്നിയും ആയിരിക്കും. ദൈവത്തിന് വഴിയൊരുക്കുന്നത് മഹാമാരി! ദൈവത്തിന്റെ മുന്നിലുള്ള സകലതിനെയും തച്ചുതകർത്തു ദൈവത്തിന് വഴി

യൊരുക്കുന്നു. സകല ദുഷ്ടജനങ്ങളും മഹാമാരിയാൽ കൊല്ലപ്പെടുന്ന അവസ്ഥ! അങ്ങനെ മഹാമാരി വൃത്തിയാക്കിക്കൊടുക്കുന്ന വഴിയിലൂടെ ദൈവം അജയ്യനായി സഞ്ചരിക്കുന്ന ചിത്രമാണ് ഹബക്കൂക് നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

ദൈവം പോകുന്നതിനു പിന്നാലെ ജ്വരാഗ്നിയും വരുന്നു. ബാക്കി വല്ലതും ഉണ്ടെങ്കിൽ അതും നശിപ്പിക്കുന്ന കാഴ്ച! മിസ്രയീമിൽനിന്നും തന്റെ ജനത്തെ വിടുവിക്കുന്നതിന് പുറപ്പെട്ടുവരുന്ന ദൈവത്തിന് വഴിയൊരുക്കിയത് പത്ത് ബാധകളാണ്. ഒടുവിൽ കുതിരയെയും അതിൽ ഇരുന്നവനെയും ചെങ്കടലിൽ തള്ളിയിടുകയും ചെയ്തു. ദൈവത്തോട് മത്സരിക്കുന്നവന് നാശമേ സംഭവിക്കുകയുള്ളൂ. ദൈവം ഒരുവന്റെ നേരെ ഇറങ്ങിപ്പുറപ്പെട്ടു വന്നാൽ ആ ദൈവത്തിന്റെ മുന്നിൽ പകർച്ചവ്യാധിയും പിന്നിൽ തീയും ഉള്ളതുകൊണ്ട് യാതൊരുവനും തെറ്റി ഒഴിഞ്ഞുപോകാൻ സാധിക്കുകയില്ല.

പുതിയനിയമത്തിലേക്ക് നോക്കുക. യേശുവിന്റെ മുന്നിൽ വഴിയൊരുക്കാൻ വന്നത് സ്നാപകയോഹന്നാൻ; യേശുവിന്റെ പിന്നാലെ വന്നതോ പരിശുദ്ധാത്മാവും! നാം എത്ര ഭാഗ്യവാന്മാരാണ്! മഹമാരിയും ജ്വരാഗ്നിയും അല്ല നമ്മുടെ കർത്താവിന്റെ മുന്നിലും പിന്നിലും ഉണ്ടായിരുന്നത്. ഈ ഭാഗ്യകരമായ കാലഘട്ടത്തിൽ ജീവിക്കാൻ നമുക്ക് അവസരം തന്ന ദൈവമുമ്പാകെ നമുക്ക് നന്ദിയോടെ ജീവിക്കാം.

**ഹബക്കൂക് 3:6**

*അവൻ നിന്നു ഭൂമിയെ കുലുക്കുന്നു; അവൻ നോക്കി ജാതികളെ ചിതറിക്കുന്നു; ശാശ്വതപർവ്വതങ്ങൾ പിളർന്നുപോകുന്നു; പുരാതനഗിരികൾ വണങ്ങിവീഴുന്നു; അവൻ പുരാതനപാതകളിൽ നടക്കുന്നു.*

ദൈവത്തിന്റെ സർവ്വശക്തിയെക്കുറിച്ച് തന്നെയാണ് ഈ വാക്യത്തിലും വർണ്ണിച്ചിരിക്കുന്നത്. ഭൂമിയെ കുലുക്കാനും ജാതികളെ ചിതറിക്കാനും കഴിവുള്ള ദൈവം! ഓരോ ഭൂകമ്പവും നാം എത്ര ഭയപ്പാടോടെയാണ് കാണുന്നത് എന്നു ഓർക്കുക. മനുഷ്യന്റെ കഴിവും കണ്ടുപിടുത്തങ്ങളുമെല്ലാം ഭൂകമ്പത്തിന്റെ മുന്നിൽ അമ്പേ പരാജയപ്പെട്ടുപോകുന്നു. ഭൂകമ്പത്തെ തടയാനോ നിയന്ത്രിക്കാനോ ഇന്നുവരെ മനുഷ്യനു കഴിഞ്ഞിട്ടില്ല. ഇനി കഴിയുകയുമില്ല. കാരണം ദൈവമാണ് ഭൂമിയെ കുലുക്കുന്നത്. ദൈവത്തെ തടയാൻ ആർക്കു കഴിയും? പുരാതനപാതകളിൽ നടക്കുന്നവനാണ് നമ്മുടെ ദൈവം. ഇന്നു മനുഷ്യൻ വിളിച്ചപേക്ഷിക്കുന്ന പല ദൈവങ്ങളും കഴിഞ്ഞ തലമുറകളിൽ ഉണ്ടായിരുന്നില്ല. പണ്ടു പലരും വിളിച്ചപേക്ഷിച്ചിരുന്ന ദൈവങ്ങൾ ഈ തലമുറയിലുമില്ല! **(തുടരും)**

## 37 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *"അനീതിയുള്ള മാമ്മോനെക്കൊണ്ട് നിങ്ങൾക്ക് സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊൾവിൻ... അത് ഇല്ലാതെയാകുമ്പോൾ അവർ നിത്യ കൂടാരങ്ങളിൽ നിങ്ങളെ ചേർത്തുകൊൾവാൻ ഇടയാകും" (ലൂക്കൊസ് 16:9). യേശുക്രിസ്തു ഇങ്ങനെ പറഞ്ഞതിന്റെ അർത്ഥമെന്താണ്?*

**മറുപടി:**

ഒരു ഉപമ പറഞ്ഞുകൊണ്ടാണ് കർത്താവ് ഈ ആശയം അവതരിപ്പിച്ചത്. ഒരു ധനവാൻ തന്റെ അനീതിയുള്ള കാര്യവിചാരകനോട് കണക്ക് ഏൽപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ, താൻ പിടിക്കപ്പെടുമെന്നും യജമാനൻ തന്നെ ജോലിയിൽ നിന്ന് പുറത്താക്കുമെന്നും മനസ്സിലാക്കിയ കാര്യവിചാരകൻ കടക്കാർക്ക് കടം ഇളച്ചുകൊടുത്തു. 100 കുടം എണ്ണ കടമുള്ളവനോട് കൈച്ചീട്ടിൽ അത് 50 എന്നു തിരുത്തുവാനും 100 പറ ഗോതമ്പ് കടമുള്ളവനോട് കൈച്ചീട്ടിൽ 80 എന്നു തിരുത്തുവാനും അദ്ദേഹം ആവശ്യപ്പെട്ടു. ഇപ്രകാരം കടം ഇളച്ചുകിട്ടിയവരെല്ലാം അയാളോട് സ്നേഹവും നന്ദിയും കാണിക്കുമെന്നും യജമാനൻ അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടാൽ അവരുടെ വീട്ടിൽ അയാളെ ചേർത്തുകൊള്ളുമെന്നും ആ കാര്യവിചാരകൻ കരുതിക്കൊണ്ടാണ് ഇപ്രകാരം ചെയ്തത്. "ഈ അനീതിയുള്ള കാര്യവിചാരകൻ ബുദ്ധിയോടെ പ്രവർത്തിച്ചതുകൊണ്ട് യജമാനൻ അവനെ പുകഴ്ത്തി" (ലൂക്കൊസ് 16:8)

**അനീതിയുള്ള കാര്യവിചാരകൻ:** കടക്കാർക്കെല്ലാം അന്യായമായി ഇയാൾ ഇളവ് ചെയ്തു കൊടുത്തു എന്നും അതുകൊണ്ടാണ് ഇയാളെ അനീതിയുള്ള കാര്യവിചാരകൻ എന്നു വിളിച്ചിരിക്കുന്നതെന്നും ചിന്തിക്കുന്നവരുണ്ട്. അത് ശരിയല്ല. ഇയാൾ നേരത്തേ തന്നെ അനീതിയുള്ളവനായിരുന്നു. അതുകൊണ്ടാണല്ലോ കണക്ക് ഏല്പിക്കാൻ പറഞ്ഞപ്പോഴേക്കും ഇയാൾ ഭയപ്പെട്ടത്.

**യജമാനൻ അവനെ പുകഴ്ത്തി:** എന്തിന്? അവൻ ബുദ്ധിയോടെ പ്രവർത്തിച്ചതുകൊണ്ടാണ് യജമാനൻ അവനെ പുകഴ്ത്തിയത്. 100 കുടം എണ്ണ കടമുള്ളവന് 50 എന്നു തിരുത്തിക്കൊടുക്കുമ്പോൾ യജമാനന് നഷ്ടമല്ലേ വരുന്നത്? പിന്നെ എന്തിനാണ് യജമാനൻ അയാളെ പുകഴ്ത്തുന്നത്?

യജമാനന് നഷ്ടം വരാത്ത രീതിയിൽ ആ കാര്യവിചാരകൻ പ്രവർത്തിച്ച തുകൊണ്ടാണ് യജമാനൻ അയാളെ പുകഴ്ത്തിയത്. 100 കുടം എണ്ണ 50 എന്നു മാറ്റിയെഴുതുമ്പോൾ, ആ കടക്കാരന് 50 കുടം എണ്ണ ലാഭമാണ്. അയാൾക്ക് കാര്യവിചാരകനോട് സ്നേഹവും നന്ദിയും തോന്നുക സ്വാഭാ വികം. പക്ഷേ യജമാനന്റെ പക്കൽനിന്നും ശിക്ഷ വരാതിരിക്കണം; വരവും ചെലവും കടവും തിരിച്ചടവും കാണിക്കുന്ന കണക്കുകൾ ശരിയാവുകയും വേണം. അതിന് ഇളച്ചുകൊടുത്ത 50 കുടം എണ്ണയുടെ പണം ആ കാര്യവി ചാരകൻ തന്റെ കയ്യിൽനിന്നും അടയ്ക്കണം.

സ്വന്തം കയ്യിലെ കാശ് ചെലവഴിച്ച് ആ കാര്യവിചാരകൻ സ്നേഹിത ന്മാരെ ഉണ്ടാക്കി. യജമാനന് നഷ്ടവുമില്ല. ഇപ്രകാരം ബുദ്ധിയോടെ പ്രവർത്തിച്ചതുകൊണ്ടാണ് യജമാനൻ അദ്ദേഹത്തെ പുകഴ്ത്തിയത്. അത ല്ലാതെ കള്ളക്കണക്കുണ്ടാക്കി അയാൾ കടക്കാർക്ക് കടം ഇളച്ചുകൊടുത്ത് യജമാനന് പിന്നെയും നഷ്ടം ഉണ്ടാക്കിയതാണെങ്കിൽ, അതറിഞ്ഞപ്പോൾ യജമാനനൻ അയാളെ പുകഴ്ത്തുകയില്ലല്ലോ. യജമാനന് നഷ്ടം വരാതെ, ആ കാര്യവിചാരകൻ അയാളുടെ കയ്യിലെ പണം മുടക്കി കടക്കാർക്ക് കടം ഇളച്ചുകൊടുത്ത് അവരുടെ പ്രീതി പിടിച്ചുപറ്റാൻ നോക്കിയ ബുദ്ധിപരമായ പ്രവൃത്തി കണ്ടതുകൊണ്ടാണ് യജമാനൻ അയാളെ പുകഴ്ത്തിയത്.

കടക്കാരെ സ്നേഹിതരാക്കാനായി ആ കാര്യവിചാരകൻ സ്വന്തം കയ്യിലെ കാശാണ് നഷ്ടപ്പെടുത്തിയത് എന്നു അവിടെ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അത് അങ്ങനെയാണ് എന്നു ചിന്തിക്കാൻ രണ്ടു കാരണങ്ങളുണ്ട്. (1) യജ മാനൻ അയാളെ പുകഴ്ത്തി. അപ്പോൾ യജമാനന് നഷ്ടം വന്നിട്ടില്ലെന്നു വ്യക്തം. (2) പണം കൊണ്ട് സ്നേഹിതരെ ഉണ്ടാക്കിക്കൊൾവിൻ എന്നാണല്ലോ കർത്താവ് ഉദ്ദേശിച്ചത്. മറ്റുള്ളവരെ പറ്റിച്ച് ആ കാശ് കൊണ്ട് സ്നേഹിതരെ ഉണ്ടാക്കുവാൻ ഏതായാലും കർത്താവ് പറയില്ല. സ്വന്തം കാശുകൊണ്ട് സ്നേഹിതരെ ഉണ്ടാക്കുന്ന കാര്യമാണ് കർത്താവ് പറഞ്ഞത് എന്നു ന്യായമായും ചിന്തിക്കാം. മാത്രമല്ല ആ കാര്യവിചാരകൻ വിശ്വസ്ത തയാണ് കാണിച്ചത് എന്ന സൂചന 10-12 വാക്യങ്ങളിൽ ഉണ്ട്.

**മാമ്മോൻ:** മാമ്മോൻ എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം പണം എന്നാ ണ്. മാമ്മോൻ, ദൈവം എന്നിങ്ങനെ രണ്ടു യജമാനന്മാരെ സേവിപ്പാൻ കഴി യുകയില്ല എന്നു കർത്താവ് പറഞ്ഞുകൊണ്ട് (16:13), മാമ്മോനെ ഒരു ദേവ നായും ഒരു യജമാനനായും കർത്താവ് വ്യക്തിവത്കരിച്ചിരിക്കുകയാണ് (personified).

**അനീതിയുള്ള മാമ്മോൻ:** പണം (മാമ്മോൻ) പലപ്പോഴും അനീതി ചെയ്യു ന്നതിന് കാരണമാകാറുണ്ട്. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാര ണമാണെന്നു ബൈബിൾ തന്നെ പറയുന്നുണ്ടല്ലോ. ഈ കാര്യവിചാരകനെ

സംബന്ധിച്ചിടത്തോളം പണം ഇത്രയും നാളും അയാൾ അനീതി ചെയ്യുന്നതിന് കാരണമായിരുന്നു.

**സ്നേഹിതരെ ഉണ്ടാക്കിക്കൊൾവിൻ:** അനീതിയുള്ള മാമ്മോനെക്കൊണ്ട് സ്നേഹിതരെ ഉണ്ടാക്കിക്കൊൾവിൻ എന്നു പറഞ്ഞാൽ പണം കൊണ്ട് സ്നേഹിതരെ ഉണ്ടാക്കിക്കൊൾവിൻ എന്നാണ് അർത്ഥം. ഉപമയിലെ കാര്യവിചാരകൻ മറ്റുള്ളവരുടെ കടം ഇളച്ചുകൊടുക്കുകയും ആ നഷ്ടം സ്വയമായി വഹിക്കുകയും ചെയ്തുകൊണ്ടാണ് സ്നേഹിതരെ ഉണ്ടാക്കിയത്. അങ്ങനെ സ്വന്തം പണം ഉപയോഗിച്ച് മറ്റുള്ളവർക്ക് നന്മ ചെയ്തുകൊണ്ടാണ് നാം സ്നേഹിതരെ ഉണ്ടാക്കേണ്ടത്. അവരുടെ ആവശ്യങ്ങളിൽ അവരെ സഹായിച്ചുകൊണ്ട് നമുക്ക് അവരെ സ്നേഹിതരാക്കാം.

**അത് ഇല്ലാതെയാകുമ്പോൾ:** മാമ്മോൻ (പണം) ഇല്ലാതെയാകുമ്പോൾ എന്നർത്ഥം. അതായത്, പണമുപയോഗിച്ച് മറ്റുള്ളവരെ സ്നേഹിതരാക്കാനുള്ള അവസരം ഇല്ലാതാകുമ്പോൾ എന്നർത്ഥം. ആ അവസരം ഒരാൾക്ക് നഷ്ടപ്പെടുന്നത് അയാൾ മരിക്കുമ്പോഴാണ്. മരിക്കുന്നതുവരെയും ഏതെങ്കിലും നിലയിൽ മറ്റുള്ളവരെ സഹായിക്കാനുള്ള അവസരമുണ്ടല്ലോ.

**അവർ നിത്യകൂടാരങ്ങളിൽ നിങ്ങളെ ചേർത്തുകൊൾവാൻ ഇടയാകും:** അവർ എന്നു പറഞ്ഞിരിക്കുന്നത് നിങ്ങൾ സഹായിച്ചവർ ആണ്. അവരിൽ പലരും വിശ്വാസികളാണ്. പലരും നിങ്ങൾക്കു മുമ്പേ ഈ ലോകത്തിൽനിന്നും മാറ്റപ്പെട്ടിരിക്കും. പിന്നീട് നിങ്ങൾ മരിക്കുമ്പോൾ അവർ നിങ്ങളെ നിത്യകൂടാരങ്ങളിൽ (സ്വർഗ്ഗത്തിൽ) നിങ്ങളെ സ്വീകരിക്കും. നിങ്ങൾക്കുമുമ്പേ അവർ അവിടെ എത്തിയിട്ടുണ്ടല്ലോ.

അവരുടെ പ്രതിനിധികളായി അവരുടെ ദൂതന്മാർ സ്വീകരിച്ചാലും മതി. ഓരോ വിശ്വാസിയെയും ശ്രദ്ധിക്കുന്ന ദൂതന്മാർ ഉണ്ടെന്ന് മത്തായി 18:11 ലുണ്ട്. മരിച്ച ലാസറിനെ ദൂതന്മാർ സ്വീകരിച്ചതായി ലൂക്കൊസ് 16:22 ലും നാം കാണുന്നു. അങ്ങനെ നാം സഹായിക്കുകയും നമുക്ക് മുന്നേ മരിച്ചുപോവുകയും ചെയ്തിട്ടുള്ള വിശ്വാസികളുടെ ദൂതന്മാർ നമ്മെ സ്വീകരിക്കുന്നു എന്നു ചിന്തിക്കാം. കാരണം വിശ്വാസികൾ കാഹളനാദം വരെ നിദ്ര കൊള്ളുന്ന അവസ്ഥയിലാണല്ലോ.

**ഉപമയുടെ സാരം:** (1) ബുദ്ധിയോടെ പെരുമാറണം (16:8); (2) നമ്മുടെ കയ്യിലെ പണമുപയോഗിച്ച് നാം മറ്റുള്ളവർക്ക് നന്മ ചെയ്യണം (16:9); (3) പണം കൈകാര്യം ചെയ്യുന്നതിൽ നാം വിശ്വസ്തരാകണം (16:10,11); (4) യജമാനന്റെ പണം കൈകാര്യം ചെയ്യുമ്പോൾ വിശ്വസ്തരായവർക്കു മാത്രമേ സ്വന്തമായി പണമുണ്ടാക്കാൻ കഴിയൂ (16:12); (5) ദൈവത്തെയും പണത്തെയും ഒരുമിച്ച് സ്നേഹിക്കാൻ ആർക്കും കഴിയില്ല (16:13)

പുതിയ പംക്തി ആരംഭിക്കുന്നു...

# തട്ടും തലോടലും

1

-എംവിഎസ്-

**തൃശ്ശൂരിലെ ഒരു ബ്രദറൺസഭയിൽ കർത്തൃമേശയ്ക്ക് അപ്പം മുറിക്കുന്നത് കത്തികൊണ്ടാണത്രേ! (ഒരാൾ ഫോണിൽ പറഞ്ഞത്)**

അപ്പം കർത്താവിന്റെ ശരീരത്തിന്റെ സാദൃശ്യമാണല്ലോ. അപ്പോൾ ശരീരം/ഇറച്ചി മുറിക്കുന്നതിന് കത്തി ഉപയോഗിക്കാം എന്നു അവർ ചിന്തിച്ചുകാണുമായിരിക്കും.

**തിരുവെഴുത്ത്:** "യേശു അപ്പം എടുത്ത് വാഴ്ത്തി, നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തു" (മത്തായി 26:26). യേശു അപ്പം കൈ കൊണ്ട് എടുത്ത് കൈ കൊണ്ട് നുറുക്കി എന്നർത്ഥം. അവിടെ ഒരു കത്തിയുടെ സാന്നിധ്യം നാം കാണുന്നില്ല. breaking of bread ആണ്, cutting of bread അല്ല.

ooooooooooooooooo

**മാർതോമ്മാസഭയിൽ പുതുതായി മൂന്നു എപ്പിസ്കോപമാർ കൂടി പരിശുദ്ധാത്മാവിനാൽ കൈപിടിച്ച് ഉയർത്തപ്പെടുന്നു. ഇത് ശിഷ്യർക്ക് ക്രിസ്തു നൽകിയ മഹാപൗരോഹിത്യത്തിന്റെ പിന്തുടർച്ചയാണ് (ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത)**

ശിഷ്യന്മാർക്ക് മഹാപൗരോഹിത്യം ക്രിസ്തു നൽകി എന്നത് അങ്ങ് പള്ളീല് ചെന്ന് പറഞ്ഞാ മതി. ബൈബിളിലെങ്ങും അങ്ങനെ ഒരു കാര്യം രേഖപ്പെടുത്തിയിട്ടില്ല.

**തിരുവെഴുത്ത്:** "നിങ്ങളോ... രാജകീയപുരോഹിതവർഗ്ഗവും... ആകുന്നു" (1 പത്രൊസ് 2:9) എന്ന വാക്യപ്രകാരം എല്ലാ വിശ്വാസികളും ആൺപെൺഭേദമില്ലാതെ പുരോഹിതരാണ്. "മഹാപുരോഹിതനായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ" (എബ്രായർ 3:1) എന്ന വാക്യപ്രകാരം ക്രിസ്തുവാണ് മഹാപുരോഹിതൻ. ക്രിസ്തുവിന്റെ മഹാപൗരോഹിത്യം ശിഷ്യന്മാർക്ക് ആരും കൈമാറിയിട്ടില്ല.

ooooooooooooooooo

**പാലസ്തീന് ഐക്യം പ്രകടിപ്പിക്കുന്ന കാര്യത്തിൽ കേരളത്തിൽ രാഷ്ട്രീയപാർട്ടികൾ പരസ്പരം മത്സരിക്കുന്നു.**

മുസ്ലീംവോട്ടിൽ കണ്ണുംനട്ട് നടത്തുന്ന നാണം കെട്ട ഒരു പരിപാടിയാ

ണിത്. ഇക്കാര്യത്തിൽ നമ്മടെ 'വിജയനും സതീശനും' ഒറ്റക്കെട്ടാണ്. അരിയാഹാരം കഴിക്കുന്ന കേരളജനത ഇക്കാര്യം തിരിച്ചറിയും എന്ന് അവർ മനസ്സിലാക്കുന്നില്ല.

**തിരുവെഴുത്ത്:** "രണ്ടു തരം തൂക്കവും രണ്ടു തരം അളവും രണ്ടും ഒരുപോലെ യഹോവയ്ക്ക് വെറുപ്പ്" (സദൃശവാക്യങ്ങൾ 20:10). ഹമാസ് ആണ് യിസ്രായേലിനെ ആദ്യം ആക്രമിച്ചത്. അതിൽ 1200-ലധികം യിസ്രായേൽക്കാർ കൊല്ലപ്പെടുകയും ചെയ്തു. തിരിച്ചടിച്ച യിസ്രായേലിനെയാണ് ഇവിടെയുള്ള കപടരാഷ്ട്രീയക്കാർ എതിർക്കുന്നത്. ഹമാസ് ആക്രമിച്ചത് ശരിയും യിസ്രായേൽ തിരിച്ചങ്ങോട്ട് ആക്രമിച്ചത് തെറ്റും ആണത്രേ! വോട്ടു കിട്ടാൻ വേണ്ടി ഇങ്ങനെ രണ്ടുതരം അളവ് വേണോ കാപട്യക്കാരേ? രാഷ്ട്രീയക്കാരേ?

oooooooooooooooo

**ഇക്കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ രാജസ്ഥാനിൽ കോൺഗ്രസിനു ഭരണം നഷ്ടപ്പെട്ടു. ബിജെപിയാണ് ഇനി അവിടെ ഭരിക്കുക**

കോൺഗ്രസ് നേതാക്കളായ അശോക് ഗെലോട്ടിനും സച്ചിൻ പൈലറ്റിനും ഇപ്പോൾ സമാധാനമായിക്കാണും. കഴിഞ്ഞ അഞ്ചുവർഷം പരസ്പരം പോരടിച്ചും പഴിപറഞ്ഞും അവർ രണ്ടുപേരും കാണിച്ചുകൂട്ടിയതിന് ജനം കൊടുത്ത നല്ലൊരു പ്രഹരമാണിത്. കോൺഗ്രസിന് എവിടെയും ഇതാണ് ഗതി. അവരുടെ ശത്രു അവർ തന്നെയാണ്.

**തിരുവെഴുത്ത്:** "ഒരു വീട് തന്നിൽത്തന്നേ ഛിദ്രിച്ചു എങ്കിൽ ആ വീടിനു നിലനിൽപ്പാൻ കഴിയുകയില്ല" (മർക്കൊസ് 3:25). ഈ സത്യം പരസ്പരം കലഹിക്കുന്ന കോൺഗ്രസ്കാർ മാത്രമല്ല, പരസ്പരം കലഹിച്ച് സ്വന്തം ടീമിനെ തോൽപ്പിക്കുന്ന എല്ലാവർക്കും ബാധകമാണ്. വിശ്വാസികളുടെ സഭകൾ ഇത്തരം കലഹം മൂലം തകർന്നടിഞ്ഞുപോയിട്ടില്ലേ?

oooooooooooooooo

**കുട്ടികൾ നമ്മുടെ വഴിക്കു വന്നില്ലെങ്കിൽ സഹിക്കുകയേ വഴിയുള്ളു; അവരെ ശിക്ഷിക്കേണ്ടതില്ല (മുഖ്യമന്ത്രി പിണറായി വിജയൻ)**

ഈ മഹദ്വചനം കേട്ട്, മുഖ്യമന്ത്രിക്കെതിരെ കരിങ്കൊടി കാട്ടാൻ ആരും കുട്ടികളെ ഉപയോഗിക്കരുത്. പോലീസ് ആ കുട്ടികളെ തല്ലിയോടിക്കും. മുഖ്യമന്ത്രിയുടെ ഗൺമാൻ പാഞ്ഞുവന്നു തല്ലിച്ചതയ്ക്കും. പറഞ്ഞില്ലെന്നു വേണ്ട.

**തിരുവെഴുത്ത്:** "ബാലന് ശിക്ഷ കൊടുക്കാതിരിക്കരുത്; വടി കൊണ്ട് അടിച്ചാൽ അവൻ ചത്തുപോകയില്ല" (സദൃശവാക്യങ്ങൾ 23:13)

# ഓരോരോ ജന്മങ്ങള്!

-എംവിഎസ്-

15

## മതിലുകൾ

**മതിലുകൾ കെട്ടുന്നവർ**

2020ൽ ആണ് അന്നത്തെ അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് ഗുജറാത്തിലെ അഹമ്മദാബാദ് സന്ദർശിച്ചത്. പക്ഷേ ഒരു കുഴപ്പമുണ്ടായിരുന്നു. 2000ത്തിലധികം ആളുകൾ താമസിക്കുന്ന ചേരിപ്രദേശം അമേരിക്കൻ പ്രസിഡണ്ട് കാണാതിരിക്കാനായി അതിവേഗത്തിൽ ഒരു മതിൽ കെട്ടിപ്പൊക്കി. 50 കോടിയലധികം രൂപയാണത്രേ അതിനുവേണ്ടി ചെലവഴിച്ചത്! അമേരിക്കൻ പ്രസിഡണ്ടിന്റെ കണ്ണിൽനിന്നും ദാരിദ്ര്യത്തെ മറയ്ക്കുവാനായി ചെലവിട്ട ഈ കോടികൾ ദാരിദ്ര്യത്തെ ഇല്ലായ്മ ചെയ്യാനായി ഉപയോഗിക്കാമായിരുന്നില്ലേ എന്നാണ് ചേരിപ്രദേശത്തെ ആളുകൾ അന്ന് ചോദിച്ചത്. എന്നാൽ ഇതൊന്നും ബിജെപിസർക്കാർ ചെവിക്കൊണ്ടില്ല.

**മതിലുകൾ പൊളിക്കുന്നവർ**

മുഖ്യമന്ത്രി പിണറായിവിജയനും മന്ത്രിമാരുംകൂടി നടത്തുന്ന നവകേരളസദസ്സിനുവേണ്ടി സ്കൂളുകളുടെയും മറ്റും മതിലുകൾ പൊളിക്കുന്ന കാഴ്ചയാണ് 2023 ഡിസംബറിൽ നാം കണ്ടത്. ഇനി ആ മതിലുകൾ പൊതുഖജനാവിലെ പണം ഉപയോഗിച്ച് കെട്ടിക്കൊടുക്കുമായിരിക്കും. അത്രയും നാൾ ആ സ്കുളൂകൾ മതിലുകളില്ലാതെ തുറന്നുകിടക്കുന്നതുകൊണ്ട് സാമൂഹികവിരുദ്ധരോ പട്ടികളോ അകത്തു പ്രവേശിച്ച് പ്രശ്നങ്ങൾ ഉണ്ടാക്കുകയില്ലെന്നു ആശ്വസിച്ച് അമർന്നിരിക്കാം; അതേ നിവർത്തിയുള്ളൂ.

**മതിലുകൾ ഇളക്കുന്നവർ**

ബിജെപിക്കാർ മതിൽ കെട്ടി; ഇടതുപക്ഷം മതിൽ പൊളിച്ചു; കോൺഗ്രസ്സുകാരോ എന്ന ചോദ്യം ന്യായമാണ്. അവർ മതിൽ ഇളക്കുന്നവരാണ്. സ്വന്തം പാർട്ടിയുടെ മതിൽ ആണെന്നു മാത്രം. അതുകൊണ്ടുതന്നെ പലയിടത്തും അധികാരം നഷ്ടപ്പെട്ടു. ആങ്ങള ചത്താലും വിരോധമില്ല, നാത്തൂന് സന്തോഷം ഉണ്ടാകരുത് എന്ന മനോഭാവം. അണികളില്ലാത്ത പാർട്ടിയാണെന്നു തോന്നുന്നു. എല്ലാം നേതാക്കന്മാരാണ്.

അപ്പോൾ മൂന്നു കൂട്ടരും മോശമില്ല. ഓരോരോ ജന്മങ്ങള്...

## www.reallifevoice.in

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. ആഭരണധാരണം
4. സഭ
5. പരിശുദ്ധാത്മാവ്
6. യോവേൽ (പുസ്തകപഠനം)
7. ഓബദ്യാവ് (പുസ്തകപഠനം)
8. മീഖാ (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. Faith and Baptism:
How Was It Taught and Practiced in the First Century?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th January 2024

Posted at
Thrissur RMS

**ആനുകാലികം**

## ഗവർണറുടെ പരിപ്പ് പാചകക്കാരനായി!

ഗവർണറും എസ്എഫ്ഐ എന്ന വിദ്യാർത്ഥി സംഘടനയും തമ്മിൽ നേർക്കുനേർ പോർവിളിയും ആക്രോശങ്ങളും ഉണ്ടായ ദിവസമാണ് 2023 ഡിസംബർ 18. അന്നേ ദിവസം തൃശ്ശൂരിലെ കേരളവർമ്മ കോളേജിന്റെ പ്രവേശനകവാടത്തിൽ എസ്എഫ്ഐ സ്ഥാപിച്ച ബാനറിൽ ഇങ്ങനെയാണ് എഴുതിയിരുന്നത്: Your dal will not cook here bloody sangi khan *(യുവർ ഡാൽ വിൽ നോട്ട് കുക്ക് ഹിയർ ബ്ലഡി സംഘിഖാൻ)*

ഗവർണറെ സംഘിഖാൻ എന്നു വിളിച്ചുകൊണ്ട്, 'നിങ്ങളുടെ പരിപ്പ് ഇവിടെ വേവില്ല (വേവിക്കില്ല)' എന്നാണ് അവർ ഉദ്ദേശിച്ചത്. പക്ഷേ ഇംഗ്ലീഷിൽ എഴുതി വന്നപ്പോൾ ആശയം മറ്റൊന്നായി മാറി എന്നു മാത്രം. ഈ വാചകപ്രകാരം, Your dal (നിങ്ങളുടെ പരിപ്പ്) ആണ് പാചകക്കാരൻ. Sebastian will not cook here എന്നു പറഞ്ഞാൽ, 'സെബാസ്റ്റ്യൻ ഇവിടെ പാചകം ചെയ്യില്ല' എന്നാണല്ലോ അർത്ഥം. ഇവിടെ സെബാസ്റ്റ്യനാണ് പാചകക്കാരൻ. സെബാസ്റ്റ്യൻ എന്ന വാക്ക് മാറ്റി Your dal (നിങ്ങളുടെ പരിപ്പ്) വന്നാൽ, ആ പരിപ്പ് പാചകവസ്തുവല്ല, പാചകക്കാരനാണ്!

എഴുതിയ ഇംഗ്ലീഷ് വാചകം തെറ്റാണെങ്കിലും, വായിച്ചവർക്ക് കാര്യം മനസ്സിലായി എന്നു എസ്എഫ്ഐക്ക് ആശ്വസിക്കാം. ഏതായാലും ഇനി എഴുതുമ്പോൾ വിദ്യാർത്ഥികൾ ശ്രദ്ധിക്കുക 'നിങ്ങളുടെ പരിപ്പ്' (Your dal) പാചകവസ്തുവായി വരണമെങ്കിൽ വാചകം ഇങ്ങനെ വരണം: Your dal will not be cooked here. ഇംഗ്ലീഷ് ഗ്രാമറിലെ 'പാസീവ് വോയ്സ്' (Passive Voice) ആണിത്. കുട്ടികൾ എഴുതിയത് ഏക്റ്റീവ് വോയ്സിൽ (Active Voice) ആണ്. അപ്പോൾ പരിപ്പ് പാചകക്കാരൻ ആയി മാറും.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V